# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *193

08-12-2015-ൽ മറുപടിക്ക്

## വ്യവസായ നിക്ഷേപ പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.എൻ.എ.ഖാദർ
ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ. പി.ഉബൈദുള്ള
ശ്രീ. സി.മമ്മൂട്ടി

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനുദ്ദേശിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി എന്ന് വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ നിക്ഷേപക സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനായി എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചു. വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചു. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി. ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ ബിസിനസ് ടു ബിസിനസ് മീറ്റ് വ്യവസായ സംഗമം സംഘടിപ്പിച്ചു, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ

സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ വിദ്യാർത്ഥി / യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കു വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി യുവ സംരംഭക സംഗമവും യെസ് ക്യാൻ 2015 സംഗമവും സംഘടിപ്പിച്ചു. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വി മിഷൻ സംഘടിപ്പിച്ചു.

**(ബി)** പ്രസ്തുത പദ്ധതികൾ മൂലം വ്യവസായ മേഖലയിൽ കൈവരിക്കാനായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടു വരുന്നതിനുദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

**(സി)** വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പ്രവാസികളുടെ പങ്കാളിത്തം എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

**(സി)** ഇത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സാദ്ധ്യതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുകയെന്ന ലക്ഷ്യത്തോടെ നോർക്ക റൂട്ട്സ് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് വേണ്ടി നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവാസി സംഗമത്തിൽ വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രത്യേക വിഷയമായി ഉൾപ്പെടുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മെഗാ ഫുഡ് പാർക്ക് :**

ചേർത്തല ഐ.ജി.സി.യിൽ 65 ഏക്കർ ഭൂമിയിൽ സമുദ്രോല്പന്ന വ്യവസായങ്ങളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ഒരു മെഗാ ഫുഡ് പാർക്ക് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി അടങ്കൽ തുക 129 കോടി രൂപയാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുള്ള പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമായി 50 കോടി രൂപ ലഭിക്കുന്നതാണ്. ഈ പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ 2016 ജനുവരി മാസം തുടങ്ങി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്.

**പെട്രോകെമിക്കൽ പാർക്ക് :**

എറണാകുളം ജില്ലയിൽ പുത്തൻകുരിശ് വില്ലേജിൽ പെട്രോകെമിക്കൽ വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുവാനായി ഒരു വ്യവസായ പാർക്ക് തുടങ്ങുവാനുള്ള പദ്ധതി ആവിഷ്കരിച്ചി ട്ടുണ്ട്. 118.38 ഏക്കർ ഭൂമിയിൽ തുടങ്ങുവാനുദ്ദേശിക്കുന്ന പദ്ധതിയിൽ 73.63 ഏക്കർ സ്വകാര്യ വ്യക്തികളുടെ ഭൂമിയും, 44.75 ഏക്കർ പുറമ്പോക്കു ഭൂമിയുമാണ്. സ്വകാര്യ വ്യക്തികളുടെ ഭൂമി ഉഭയകക്ഷി സമ്മതപ്രകാരം ഏറ്റെടുക്കുന്നതിന് വേണ്ടി സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതനുസരിച്ച് നടപടികൾ കൈക്കൊണ്ടുവരികയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനു വേണ്ടി കിൻഫ്ര ആവിഷ്ക്കരിച്ച നടപടികളും അതുവഴി വ്യവസായ മേഖലയിൽ കൈവരിക്കാനായി നേട്ടങ്ങളും താഴെ പറയുന്നു.

**വ്യവസായ വാണിജ്യ മേഖലകൾ :**

സംസ്ഥാനത്തെ വൻനഗരങ്ങളിൽ വൻകിട വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുവാൻ കിൻഫ്ര പദ്ധതി ആവിഷ്ക്കരിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിൽ ഈ ആവശ്യത്തിലേയ്ക്കായി അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തിക്കഴിഞ്ഞു. ഇത്തരം പ്രദേശങ്ങളെ വാണിജ്യ മേഖലകളായി വിജ്ഞാപനം ചെയ്യുകയും എല്ലാത്തരത്തിലുമുള്ള വ്യവസായ, വാണിജ്യ വ്യാപാര പ്രവർത്തനങ്ങൾ അനുവദിക്കുകയും ചെയ്യും.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ വൻനഗരങ്ങളെയും അതിനോടടുത്തു കിടക്കുന്ന നഗരങ്ങളെയും ബന്ധിപ്പിച്ച് ഏകദേശം ഒന്നാം ഘട്ടത്തിൽ 2900 ഏക്കറോളം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഗ്രീൻ ഫീൽഡ്) ഇലക്ട്രോണിക്ക് പാർക്ക് :**

കേന്ദ്ര സർക്കാരിന്റെ വിവരസാങ്കേതിക വകുപ്പിന്റെ കീഴിൽ ഇലക്ട്രോണിക് സിസ്റ്റം ഡിസൈനിംഗിനും അതിന്റെ ഉൽപ്പാദനത്തിനും വേണ്ടി ലോകനിലവാര ത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഇതുമായി ബന്ധപ്പെട്ട വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി 2012-ൽ നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. കേന്ദ്ര സർക്കാർ സാമ്പത്തിക സഹായമായി ആകെ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമുള്ള തുകയുടെ 50% ലഭ്യമാക്കുന്നതാണ് (50 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു). കിൻഫ്രയുടെ കാക്കനാടുള്ള വ്യവസായ പാർക്കിൽ 67 ഏക്കർ സ്ഥലം ഇതിനായി നീക്കി വെച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ കയറ്റുമതി അധിഷ്ഠിത ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കലുമാണ് ഉദ്ദേശിക്കുന്നത്. ഈ കേന്ദ്രാവിഷ്കൃത പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്ത ത്തോടു കൂടിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**മെഗാ ഫുഡ് പാർക്ക് , പാലക്കാട് :**

കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിന്റെ മെഗാ ഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. പ്രസ്തുത പദ്ധതിയിൽ ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്കനുയോജ്യമായ ജലം, വൈദ്യുതി, മലിനീകരണ നിയന്ത്രണ സംവിധാനം ഗുണനിലവാരമുറപ്പാക്കുന്ന ലാബുകൾ, ശീതികരണ സൗകര്യങ്ങൾ എന്നിവ ഒരുക്കി ഈ മേഖലയിലേക്ക് നിക്ഷേപം ആകർഷിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പരമാവധി 50 കോടി

രൂപയാണ് ഗ്രാന്റായി കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൽ നിന്ന് പ്രസ്തുത പദ്ധതിക്ക് ലഭിക്കുക.

**ഗ്ലോബൽ ആയുർവേദ വില്ലേജ് :**

സർക്കാരിന്റെ 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയാണ് ഗ്ലോബൽ ആയുർവേദ വില്ലേജ്. 193 കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തി യിട്ടുണ്ട്. M/s APITCO, Hyderabad എന്ന കമ്പനിയെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

**ഇന്റർനാഷണൽ എക്സിബിഷൻ & കൺവെൻഷൻ സെന്റർ :**

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു എക്സിബിഷൻ & കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് കാക്കനാട് കിൻഫ്രയുടെ കൈവശമുള്ള ഭൂമിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി എക്സിബിഷനും കൺവെൻഷനും നടത്തു ന്നതിനുള്ള പദ്ധതിയാണിത്. 10 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

SO